വാസ്തവാനന്തരതയെ ആർക്കാണ് പേടി?

ദാമോദർ പ്രസാദ്

വാസ്തവാനന്തരതയെ ആർക്കാണ് പേടി?
ദാമോദർ പ്രസാദ്
(മലയാളം: ലേഖനം)

© 2021, Damodar Prasad

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeLaTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Lions painted in the Chauvet Cave, (Ardèche, France).

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

വാസ്തവാനന്തരതയെ ആർക്കാണ് പേടി?

"വിശ്വസനീയമായ വാർത്തകൾക്ക് നിലനില്പില്ലാതെ വരുന്ന സാഹചര്യത്തിൽ എങ്ങനെയായിരിക്കും സമൂഹത്തിന് അതിജീവിക്കാൻ കഴിയുക എന്നത് ആധുനിക ചരിത്രത്തിൽ ആദ്യമായി മനുഷ്യർ അഭിമുഖീകരിക്കുകയാണ്. അതേ സമയം, ഇത്രയധികം വിവരങ്ങൾ ഒരേ സമയം സമൂഹത്തിൽ ലഭ്യമായിരുന്ന ഒരു ഘട്ടവും ചരിത്രത്തിലുണ്ടായിട്ടില്ല. പണ്ടുള്ളതിനേക്കാൾ എത്രയോ അധികം നമുക്കിന്ന് അറിയാം. ഒറ്റ നോട്ടത്തിൽ മനസ്സിലാക്കാനോ അല്ലെങ്കിൽ പൂർണ്ണമായും ഉൾക്കൊള്ളാനോ പറ്റാത്ത വിധത്തിൽ അറിവിന്റെ പുത്തൻ ജനാധിപത്യവൽക്കരണം നമ്മെ സ്തംഭിപ്പിച്ച് സംഭ്രമിപ്പിച്ച് കടന്നു പോയിരിക്കുന്നു. തീർച്ചയായും വിമോചനാത്മകവും പരിവർത്തനാത്മകവുമായ അത് നമ്മെ ഊർജ്ജവല്ലരിക്കുന്നു. പതിനാറാം നൂറ്റാണ്ടിലെ അച്ചടിയുടെ കണ്ടുപിടിത്തത്തേക്കാൾ വിപ്ലവകരമാണ്. എങ്കിലും വിവരങ്ങളിലധികവും വിഷലിപ്തവും അപകടകരവുമാണ്. സ്വീഡിഷ് ഗാഥ പോലെ ഏറെക്കുറെ അർദ്ധ സത്യങ്ങളും. വികാരമിളക്കിവിടുന്ന വാചാടോപകന് ഉപയോഗിക്കാൻ മാത്രം വിഷാംശം നിറഞ്ഞവയാണ് ചിലതെല്ലാം."

(Alan Rusbridger, Breaking News, Remaking of Journalism and why it matters.)

തുറന്നതും വികേന്ദ്രീകൃതവുമായ സ്വഭാവത്താലും ജനസാന്ദ്രതയുടെ കാര്യത്തിൽ വിവേചനരാഹിത്യം കൊണ്ടും ജനാധിപത്യത്തെ പുഷ്ടിപ്പെടുത്തുകയും അരികുകളെ ഉൾച്ചേർത്തുക്കൊണ്ടു പൊതുമണ്ഡലത്തെ വികസ്വരമാക്കുമെന്നു കരുതിയ നവ മാധ്യമ സാങ്കേതിക വിദ്യ കഴിഞ്ഞ ഒരു ദശകത്തിനുള്ളിൽ നൽകിയ ഉണർവുകളും പ്രതീക്ഷകളും കെട്ടുത്തിക്കളയുന്ന വിധത്തിൽ ഭരണകൂട കേന്ദ്രീകരണത്തിന്റെയും കോർപറേറ്റ് നിയന്ത്രണത്തിന്റെയും ലിംഗ നീതി വിരുദ്ധതയുടെയും വർണ്ണ ജാതി വെറിയുടെയും അപര ഹിംസ മുറവിളികളുടെയും അധിശ്വത്യ മണ്ഡലമായി പഴയ പതിക്കുകയാണോ എന്നതാണ് നമ്മെ ആശങ്കപ്പെടുത്തേണ്ട പ്രധാന ചോദ്യം.

സമീപകാലങ്ങളിൽ, അതായത്, വാസ്തവാനന്തരത എന്ന നാമകരണം ചെയ്യപ്പെട്ടിരിക്കുന്ന സമീപകാല അവസ്ഥകളിൽ നവമാധ്യമ സാങ്കേതിക വിദ്യയെ ആപൽക്കരമാംവിധം ഗ്രസിച്ച കാര്യങ്ങളാണ് വലിയ വ്യാപ്തിയിലേക്ക് വികസിച്ച സർവേലൻസ്, ഡാറ്റ കേന്ദ്രിത വാണിജ്യ സംരംഭങ്ങൾ (ഉദാ: കേം ബ്രിഡ്ജ് അനലറ്റിക്ക), സാങ്കേതികവിദ്യയിലൂടെയുള്ള സമഗ്രാധിപത്യവല്ക്കരണം (ഉദാ: ആധാർ), ഹിംസാത്മക ദേശീയതയുടെ പുനരാഗമനം, പൊതുവ്യവഹാരങ്ങളുടെ പിൻവാങ്ങൽ.

ഈ ഘടകങ്ങളെല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നവയാണ്. ജനാധിപത്യ പ്രക്രിയയെ തന്നെ അട്ടിമറിക്കാനതകുന്ന വിധത്തിലുള്ള പുത്തൻ പ്രവണതകളായ വ്യാജ വാർത്തകൾ, ഡാറ്റ അപഹരണം, വെർച്വൽ ഹിംസ (ഉദാ: അധിക്ഷേപകരമായ ട്രോളുകൾ) എന്നിവയെല്ലാം തന്നെ ഈ മുൻപറഞ്ഞ ഘടകങ്ങളുടെ സൂഷ്ടിയാണ്. ഇതെല്ലാം തന്നെ നവ മാധ്യമങ്ങളുടെ സവിശേഷ മണ്ഡലത്തിൽ രൂപപ്പെട്ടവയാണ്. ആൾക്കൂട്ട ഹിംസയുടെ വെർച്വൽ രൂപാന്തരങ്ങളായി സംഘടിത സ്വഭാവത്തോടെയുള്ള ട്രോളുകൾ ദൈനംദിനമെന്നോണം സമൂഹമാധ്യമങ്ങളിൽ ഒരു നിയമത്തിനും വിധേയപ്പെടാതെ ആഘോഷിക്കപ്പെടുകയാണ്. മനഷ്യരിൽ അവശേഷിക്കുന്ന ഹിംസയുടെ ആദിമമായ ഏതോ ചോദനകൾക്ക് സ്വതന്ത്രമായി വിഹരിക്കാനുള്ള ഇടമായി നവമാധ്യമങ്ങൾ മാറുന്നു എന്നതാണ് ഖേദകരം.



റോബെർട്ട് മക്ചെസ്നി

ഇത് ഖേദകരമാകുന്നത്, നവ മാധ്യമങ്ങളുടെ അരാജകത്വവും പ്രതീക്ഷനൽകുന്ന സംവാദാത്മക ജനാധിപത്യത്തെയാണ് ഈ നവ വലതുപക്ഷ അധീശത്വം നിരുത്സേഹപ്പെടുത്തുന്നത്. സംഘടിത മാധ്യമങ്ങൾ വിട്ടുകളഞ്ഞതോ തമസ്കരിച്ചതോ ആയ അത്തരം വാർത്തകൾ ലോക ശ്രദ്ധയിലേക്ക് ആകർഷിക്കാൻ കഴിഞ്ഞിരുന്നത് നവമാധ്യമങ്ങളിലൂടെയാണ്. ബദൽ വാർത്ത സ്രോതസ്സ് എന്ന നിലയിൽ വർത്തിക്കുക എന്നതാണ് നവമാധ്യമത്തിന്റെ പ്രധാന ധർമ്മങ്ങളിലൊന്ന്. അത് കൂടാതെ, നവ സംഘാടനത്തിന്റെ ഇടമായും, അടിച്ചമർത്തപ്പെട്ട ആദിവാസി, ദളിത്, മത ഭാഷ ന്യൂനപക്ഷങ്ങൾക്ക് തങ്ങളുടെ ശബ്ദം കേൾപ്പിക്കാനുള്ള വേദിയായും—അങ്ങനെ അങ്ങനെ ജനതയുടെ സർഗാത്മക പ്രതികരണങ്ങളും പ്രതിസ്വരങ്ങളും ഇടപെടലുകളും ആഗോളമായ ഒത്തുചേരലും നവമാധ്യമ ഉറസ്സുകളിലൂടെ സമഗ്രാധിപത്യങ്ങൾക്കെതിരെ വലിയ വെല്ലുവിളി ഉയർത്തുന്ന അതേ വേളയിൽ തന്നെയാണ് അതിനു തികച്ചും ഘടകവിരുദ്ധമായ സ്വഭാവവും പ്രകടമാകുന്നത്. മാധ്യമ പണ്ഡിതൻ റോബെർട്ട് മക്ചെസ്നി സൂചിപ്പിക്കുന്നത് പോലെ, ഇതൊരു സവിശേഷ സന്ധിയാണ് ('critical juncture'). ഇന്റർനെറ്റിന്റെ ജനാധിപത്യവൽക്കരണം എന്നാൽ അത് ഒരേ സമയം രാഷ്ട്രീയ സമ്പദ്‌വ്യവസ്ഥയുടെ ജനാധിപത്യവൽക്കരണം കൂടിയാണ്. രണ്ടും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ശൃംഖല പ്ലാറ്റ്ഫോം ആഗോള തലത്തിലെ ഒന്നോ രണ്ടോ ടെക് ഭീമന്മാരുടെ നിയന്ത്രണത്തിലാണ്. ഇത് പോലെ നെറ്റ് വാണിജ്യവും കൈവശം വെച്ചിരിക്കുന്നത് ഒന്നോ രണ്ടോ വൻകിട കോർപറേഷനുകളാണ്. പ്രസ്തുത കോർപറേറ്റുകളൊക്കെ തന്നെ ഭരണകൂട പിൻഇയോടെയാണ് മാത്രമേ അവരുടെ വാണിജ്യ താല്പര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുകയുള്ളൂ. സമഗ്രാധിപത്യത്തെ കൂടുതൽ ഉറപ്പിക്കുന്ന വിധത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള ഘടകങ്ങളേയും ഇതിലേക്ക് ഉൾച്ചേർത്തിരിക്കുന്നു. ഇതൊരു സവിശേഷ സന്ധിയാകുന്നത് മനുഷ്യരാണ് സർവ്വകാര്യ നിർവാഹകർ എന്ന അവസ്ഥയും അസ്ഥിരപ്പെട്ടിരിക്കുന്നു. അതിവിദഗ്ദ്ധമായ സാങ്കേതിക സംവിധാനങ്ങളിലൂടെയാണ് സർവേലൻസ് വ്യവസ്ഥ നിലവിൽ വന്നിരിക്കുന്നത്. വാസ്തവാനന്തരതയുടെ കാലം മാത്രമല്ല ഇത്, മനുഷ്യാനന്തരതയുടേ കൂടിയാണ്. പോസ്റ്റ്-ഹ്യൂമൻ ഘട്ടത്തിലാണ് നവ സാങ്കേതികത എത്തിച്ചേർന്നു നിൽക്കുന്നത്.



ഉംബെർട്ടോ ഇക്കോ

മനുഷ്യവംശം ദീർഘകാലമായി വിഭാവനം ചെയ്യുന്നതാണ് തങ്ങൾക്ക് അധീനപ്പെട്ട പ്രവർത്തിക്കുന്ന യന്ത്ര ജീവി വർഗ്ഗങ്ങളെ. റോബോട്ടിക്ക് എല്ലാ കാലത്തും മനുഷ്യർ വിഭാവനം ചെയ്തിരുന്നത് അടിമത്തത്തിന്റെ വംശാവലി തുടർച്ച എന്ന നിലയ്ക്കാണ്. യജമാനനായ മനുഷ്യരും അടിമകളായ യന്ത്രങ്ങളും എന്നിങ്ങനെയാണ് അടിമത്തത്തിന്റെ യുക്തിയെ റോബോട്ടിക്ക് പുനരജ്ജീവിപ്പിച്ചത്. ഇതര ചരാചരങ്ങളുടെമേലും പ്രകൃതിയുടെമേലും തന്നെ മനുഷ്യർ കൈയടക്കി വെച്ചിരിക്കുന്ന അവകാശം സാങ്കേതിക വിദ്യകളിലേയ്ക്കു കൂടി വ്യാപിപ്പിക്കുക എന്നതാണ് ആധുനികതയുടെ ആവിഷ്കാര യുക്തി. എന്നാൽ ചരിത്രപരമായ ഗതിമാറ്റമെന്നോണമാണ് സാങ്കേതിക വിദ്യ മനുഷ്യവംശത്തെ തന്നെ നിയന്ത്രിക്കാൻ പ്രാപ്തമായിരിക്കുന്ന എന്നതാണ്. അതിന്റെ അനേകായിരം സൂചനകൾ ഇന്ന് ലഭ്യമാണ്. നവസാങ്കേതിക വിദ്യയെ നിയന്ത്രിക്കുന്നതും പ്രവർത്തനക്ഷമമാക്കുന്നതും റോബോട്ടിക്ക് വിദ്യകളാണ്. നവസാങ്കേതികതയുടെ പരിസരത്തിൽ മനുഷ്യരു, ഉംബെർട്ടോ ഇക്കോ നിരീക്ഷച്ചതു പോലെ, incyborgation-നു വിധേയരായിരിക്കുന്നു. സർവേലൻസ് സാമൂഹിക-സമ്പദ്‌വ്യവസ്ഥയിൽ മനുഷ്യരുടെ ഉണ്മ തന്നെ സാങ്കേതിക വിദ്യകളാൽ നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. "വലിയേട്ടൻ സദാ നോക്കുന്നു" എന്ന സർവേലൻസ് അവസ്ഥ മനുഷ്യരെ സദാ ജാഗ്രതാവസ്ഥയിലാക്കി. ചലനങ്ങളെ പെരുമാറ്റങ്ങളെ അതനുസരിച്ച് ക്രമപ്പെടുത്തിയിരിക്കുന്നു. റോബോട്ടിന്റെ ഉത്തരമായ മറ്റൊരു പ്രശ്നം ഈ സാങ്കേതിക വിദ്യ വികസിപ്പിച്ചിരിക്കുന്നത് ടെക് കുത്തകകളാണ്. ബഹുഭൂരിപക്ഷം വരുന്ന മനുഷ്യരുടെ മേൽ റോബോട്ടിക്ക് ജ്ഞാനം ഉപയോഗപ്പെടുത്തി തങ്ങളുടെ അധീശത്വം കൂടുതൽ ബലപ്പെടുത്താൻ അവർക്ക് കഴിഞ്ഞേക്കാം. നവമാധ്യമ സാങ്കേതിക വിദ്യയും റോബോട്ടിക്സും തമ്മിൽ സവിശേഷവും ഗാഢവുമായൊരു ബന്ധം നിലനിൽക്കുന്നുണ്ട്. വ്യാജ സന്ദേശങ്ങളുടെ നിർമ്മിതിയും പ്രചരണവും മുതൽ നേതാക്കളുടെയും താരങ്ങളുടെയും സമൂഹ മാധ്യമ സ്വീകാര്യതയെ നയിക്കുന്നതും നിയന്ത്രിക്കുന്നതും റോബോട്ടുകളാണ്. മനുഷ്യർ മാത്രം ഇടപെടുന്ന ഒരു മണ്ഡലമായി നവ മാധ്യമങ്ങളെ ഇനി കാണേണ്ടതില്ലെന്ന് സാരം. പറഞ്ഞു വരുന്നത്, ഡിജിറ്റൽ മണ്ഡലമെന്നത് അതി വിപുലമായ രീതിയിൽ മനുഷ്യരും സൈബോർഗുകളും പ്രതിപ്രവർത്തിക്കുന്ന ഒരിടമായിരിക്കുന്നു എന്നാണ്, അതായത്, മനുഷ്യാനന്തര ഭൂമിക. Post-Human domain.

ഇതുയും കൂടി പരിഗണിച്ചുകൊണ്ടു മാത്രമേ സർവേലൻസ് ഇക്കോണമിയുടെ ഭാഗമായി അന്യാധീനപ്പെട്ടു പോയ 'സ്വകാര്യത' അഭിമുഖീകരിക്കുന്ന വെല്ലുവിളിയെ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ.

സാങ്കേതിക നിർമ്മിതികളാൽ നിർണ്ണയിക്കപ്പെട്ട സാമൂഹിക-സാമ്പത്തിക അവസ്ഥയെയാണ് സർവേലൻസ് ഇക്കോണമി എന്നതുകൊണ്ടു അർത്ഥമാക്കുന്നത്. സർവേലൻസ് ഡെമോക്രസി, സർവേലൻസ് പൊളിറ്റി എന്നും ഇതിനെ വിശേഷിപ്പിക്കുന്നു. 'സ്വകാര്യത' വാസ്തവാനന്തരതയിൽ, ഒരു ഫാന്റസിയാണ്. ശൃംഖല സംവിധാനത്തോട് ഘടിപ്പിക്കാത്ത ഏതെങ്കിലും ഒരു സാങ്കേതികവിദ്യയിൽ നിന്നു ആര നിമിഷം പോലും സ്വതന്ത്രമായി നിൽക്കുന്ന ഒരവസ്ഥ ഇന്നില്ല. ഡിസ്റ്റോപ്യക്ക് എന്ന് തന്നെ പറയാം. 'സ്വകാര്യത' ഏറെക്കുറെ ലീഗൽ-ജുഡിഷ്യൽ പരികല്പന എന്നതിനപ്പുറം ജീവിത മണ്ഡലത്തിൽ എത്രമാത്രം പ്രയോഗികമാണ് എന്നത് സംശയമാണ്. 'സ്വകാര്യത' എന്നുള്ളത് നവ സാങ്കേതികയുടെ സന്ദർഭത്തിൽ, പരക്കവൽക്കരിക്കപ്പെട്ട വൈകാരിക പ്രതീതി മാത്രമാണ്. നമ്മുടെ ഓരോ വിനിമയവും ഡാറ്റയായി കോർപറേറ്റുകളുടെ കൈവശമാണ് ഇന്ന്. ഇപ്പോൾ ഡാറ്റ കൊളോണിയലിസത്തെക്കറിച്ച അംബാനിയുടെ അഭാഗിയും പറയുന്നു. കൊളോണിയലിസം പോലുള്ള രാഷ്ട്രീയ കല്പന ഉപയോഗിക്കുന്ന അംബാനിയുടെയും അദാനിയുടെയും നിക്ഷിപ്ത താല്പര്യം ഇതുയും ഡാറ്റയ്ക്ക് ഉടമസ്ഥത നേടുക എന്നതാണ്. വലിയ സെർവർ ഫാമുകൾ സജ്ജമാകാനുള്ള ഒരുക്കങ്ങളിലാണ് ഇന്ത്യൻ കോർപറേറ്റുകൾ. ഡാറ്റ സാമ്രാജ്യവും മുമ്പേ നിലവിൽ വന്നതാണ്. ആഗോള ടെക് ഭീമന്മാർ നമ്മുടെ ഓരോ ഡിജിറ്റൽ വിനിമയങ്ങളെ സസൂക്ഷ്മം വിശകലനം ചെയ്യുകയും, അതിന്റെ റിസൾട്ടുകളും ഡാറ്റയും ആവശ്യക്കാർക്ക് വിൽക്കുകയും ചെയ്യുന്നു. നമ്മുടെ തന്നെ ചിന്തകളും അഭിലാഷങ്ങളും ഭാവനകളുമാണ്—ഡാറ്റയായി രാജ്യാന്തര വിപണിയിൽ നമ്മുടെയൊന്നും അറിവായ്മയിലൂടെ വിൽക്കാൻ വെച്ചിരിയ്ക്കുന്നത്. രാജ്യങ്ങളുടെ വിവരങ്ങളുടെ മേൽ എങ്ങിനെയാണോ സാമ്രാജ്യ രാഷ്ട്രങ്ങൾക്ക് അധികാരമുള്ളത് സമാനമായ സ്ഥിതിയാണ് ഡാറ്റയുമേലുള്ള ആധിപത്യം. നമ്മുടെ ഓൺലൈൻ വിനിമയങ്ങളുടെ പരസഹസ്ര കോടി അഥവാ ബിഗ് ഡാറ്റ ടെക് കോർപറേറ്റുകളുടെ കൈവശമാണ്. കോർപറേറ്റുകൾ തന്നെയാണ് ഇതിന്റെ പ്രധാന ആവശ്യക്കാർ. അവർ ഓരോ ഓൺലൈൻ ഉപയോക്താവിനെയും ഉപഭോക്തവായിട്ടാണ് പരിഗണിക്കുന്നത്. വിപണിയുടെ താല്പര്യാനുസരണം അവർ ഓരോ ഉപഭോക്താവിന്റെയും ഓൺലൈൻ ഇടപെടലുകൾ വിശകലനത്തിന് വിധേയമാക്കി അവർക്ക് ആവശ്യമുള്ള ഉല്പന്നങ്ങളുടെ പരസ്യത്തിലേക്ക് അവരെ ആകർഷിക്കുന്നു. വ്യക്തികളുടെ സമൂഹത്തിന്റെ വിനിമയ ഡാറ്റ വിശകലനത്തിന് വിധേയമാക്കുന്നു. ടെക് ഭീമന്മാരും ഭരണകൂടങ്ങളും ചില സ്ഥലങ്ങളിൽ വലതുപക്ഷ രാഷ്ട്രീയ ശക്തികളുമായി രഹസ്യധാരണയുണ്ടെന്ന വേണം അനുമാനിക്കാൻ. കാരണം ഭരണകൂടങ്ങൾ നിർബന്ധങ്ങൾക്ക് വഴങ്ങി ഡാറ്റ രഹസ്യമായി കൈമാറുന്നു എന്ന് മാത്രമല്ല ഭരണകൂട വിരുദ്ധ ഉള്ളടക്കം പൊതു ശ്രദ്ധയിൽ നിന്ന് മറ്റി നിർത്താനും ദദ്ധാക്കാനും ചിപ്പോൾ ഉള്ളടക്കത്തിന്റെ പേരിൽ വ്യക്തികളെ തന്നെ നിരോധിക്കാനും ടെക് കോർപറേറ്റുകൾ തയറാവുന്നു. നിർഭാഗ്യവശാൽ ഇവർ സൃഷ്ടിച്ച പ്ലാറ്റ്ഫോമുകളിലൂടെയാണ് നമ്മുടെ ഓൺലൈൻ ഇടപാടുകൾ അത്രയും നടക്കുന്നത്. പൊതുവിൽ, ടെക് കോർപറേറ്റുകൾ അവകാശപ്പെടുന്ന ഉറസ്റ്റ് (openness) നവമാധ്യമങ്ങൾക്ക് ഇല്ല എന്ന അവസ്ഥയിലേക്കാണ് കാര്യങ്ങൾ എത്തിച്ചേർന്ന നിൽക്കുന്നത്. ഡാറ്റ എന്ന പ്രയോഗത്തിൽ നമ്മുടെ വിനിമയങ്ങളുടെ മാനുഷികവും ജൈവുമായ സ്വഭാവം നഷ്ടപ്പെടുന്നുണ്ട്. ഡാറ്റ എന്നത് നമ്മുടെ ഭാവനകളും, സ്വപ്നങ്ങളും, അഭിലാഷങ്ങളും. പ്രതീക്ഷകളും, രോഷങ്ങളും, അമർഷങ്ങളും, വിഷമതകളും, സന്തോഷങ്ങളുമൊക്കെയാണ് കോർപറേറ്റ്-ഭരണകൂട സമഗ്രാധികാരത്തിന്റെ അധീശത്വത്തോടെ സമാഹരിച്ച് വെയ്ക്കുന്നത്.

അഭിപ്രായ സ്വാതന്ത്ര്യം മുതൽ പ്രതിനിധാന സഭയിലേക്കുള്ള തിരഞ്ഞെടുപ്പ് വരെയുള്ള ജനാധിപത്യത്തിന് ആധാരമായ നമ്മൾ ഏറെ വിലമതിക്കുന്ന പ്രധാന കാര്യങ്ങളെല്ലാം സാങ്കേതിക വിദ്യകളുടെ വിദഗ്ദ്ധമായ ഉപയോഗത്തിലൂടെ സമഗ്രാധികാരത്തിനു കീഴ്പ്പെടുന്ന അവസ്ഥയാണെന്നാണ് സമകാലിക സംഭവങ്ങൾ ചൂണ്ടിക്കാട്ടുന്നത്. വിവാദമായ കേംബ്രിഡ്ജ് അനലറ്റിക്ക സ്ഥാപനം പ്രവർത്തിച്ചിരുന്നത് ഈ ഭൂമികയിലാണ്. മാർട്ടിൻ മൂർ "Democracy Hacked" എന്ന പുസ്തകത്തിൽ ഇതിനെപ്പറ്റി പറയുന്നത് ഇതാണ്:

"ഡാറ്റയും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ജനാധിപത്യത്തിന്റെ അടിസ്ഥാനങ്ങളെ എളുപ്പം മറികടക്കാനുള്ള സൗകര്യം ഒരുക്കുന്നു. അവർ ഡാറ്റ ഉപയോഗിച്ച് തെരഞ്ഞെടുപ്പുകളെ "വാങ്ങുന്നു". ഡാറ്റയെ കേന്ദ്രീകരിച്ചുള്ള പ്രചാരണങ്ങൾ നിഗൂഢമായാണ് നടക്കുന്നത്. വ്യക്തിഗതമായ ഡാറ്റയെ സമാഹരിക്കാം, വിശകലനങ്ങൾക്ക് വിധേയമാക്കാം, വിൽക്കാം. പണം എങ്ങനെയാണോ തിരഞ്ഞെടുപ്പുകളിൽ വിജയമുറപ്പിക്കുന്നത് അത് സമാനമായ രീതിയിലാണ് ഡാറ്റയെയും ഉപയോഗപ്പെടുത്തുന്നത്. അതായത്, ഡാറ്റ ഉപയോഗിച്ച് വോട്ടർമാരെ വിലയ്ക്കെടുക്കാൻ സാധിക്കുന്നു."

ഇതെല്ലം നടക്കുന്നത് വ്യക്തികളുടെ അറിവോടെയാകണമെന്നില്ല. സമഗ്രാധികാര വ്യവസ്ഥയിൽ മസ്തിഷ്ക പ്രക്ഷാളനം നിയന്ത്രിതമായ ചുറ്റുപാടുകളിൽ വ്യക്തികളുടെ മേൽ നിർബന്ധപൂർവ്വം നടത്തുന്ന പ്രക്രിയയാണെങ്കിൽ നവസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി സമൂഹത്തിന്റെ സൂക്ഷ്മതലങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്ന വ്യക്തികളുടെ അബോധപ്രേരണകളിൽ ഇടപെട്ടു കൊണ്ടാണ് ഇത് സാധിച്ചെടുക്കുന്നത്. ദെലൂസിനും ഗ്വത്താരിക്കു ശേഷം ഗഹനപ്പെട്ട മനഃശാസ്ത്ര സമീക്ഷ ഈ വിപണിയുടെ ഈ സൂക്ഷ്മതല പ്രവർത്തനങ്ങളെ ഗൗരവമായി പഠിച്ചിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. ഉപരിപ്ലവമായ ചില നിരീക്ഷണങ്ങൾ മാത്രം മുന്നോട്ട് വെയ്ക്കുന്ന ജനപ്രിയ സൈക്കോളജിയുടെ പഠനമേഖലയായി ഇതിപ്പോഴും ഒതുങ്ങി നിൽക്കുകയാണ്.

രോഹിത് ചോപ്ര

ഇന്ത്യയിലെ വലതുപക്ഷ രാഷ്ട്രീയത്തിന്റെ സമീപകാല ആവിർഭാവത്തിന് പിറകിലും വലിയ ഓൺലൈൻ പ്രവർത്തനങ്ങൾ കാണാൻ കഴിയും. 2014-തിരഞ്ഞെടുപ്പിൽ പ്രധാന മന്ത്രിയാകുന്നതിനു മുമ്പേ തന്നെ നരേന്ദ്ര മോഡി ഫേസ്ബുക്ക് വഴി പിന്തുണക്കാരുടെ ബൃഹത്തായൊരു ശൃംഖല സൃഷ്ടിച്ചിരുന്നു. ഈ കാലയളവിൽ തന്നെ രാജേഷ് ജെയിൻ എന്നൊരാ സംരംഭകൻ Niti Central എന്ന പേരിൽ ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം വലതുപക്ഷ പ്രത്യയശാസ്ത്ര പ്രചരണാർത്ഥം തുടങ്ങുകയും തിരഞ്ഞെടുപ്പ് വേളയിൽ ബി ജെ പിയ്ക്ക് പിന്തുണ തേടാൻ ഡിജിറ്റൽ മാധ്യമത്തെ വിദഗ്ധമായി ഉപയോഗിച്ചിരുന്നു. ഇതിന്റെ വിശദാംശങ്ങൾ കൂടുതൽ അറിയാൻ മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻ പണ്ഡിതൻ രോഹിത് ചോപ്ര എഴുതിയ 'വെർച്വൽ ഹിന്ദു രാഷ്ട്രം' എന്ന പുസ്തകം നോക്കുക.

ഇങ്ങനെ സൂക്ഷ്മ നിരീക്ഷണ വിധേയമായ നവമാധ്യമാധിഷ്ഠിത സാമൂഹിക ഭൂമികയിലാണ് അസംഖ്യം വ്യാജ വാർത്തകൾ നിർമ്മിക്കപ്പെടുന്നതും പ്രചരിപ്പിക്കപ്പെടുന്നതും. ഒരു നുണ ആയിരം തവണ ആവർത്തിച്ചാൽ അത് സത്യമായി സ്വീകരിക്കപ്പെടും എന്ന പഴയ നാസി ഗീബൽസിയൻ പ്രചാര തന്ത്രത്തിൽ നിന്ന് വ്യത്യസ്തമായി സാങ്കേതികവിദ്യയുടെ പ്രഭാവത്തോടെ ഒരു വ്യാജ സന്ദേശം ഒരു തവണ കൈമാറിയാൽ അത് പലതവണ കൈമാറ്റം ചെയ്യപ്പെടുകയും ഒടുവിൽ അത് വാസ്തവമായി അംഗീകരിക്കപ്പെടും എന്നതാണ് നവമാധ്യമകാല പ്രചാര യുക്തി.



ഫേക്ക് ന്യൂസ് എന്നതിന്റെ സാമാന്യാർത്ഥത്തിലുള്ള മൊഴി മാറ്റമാണ് വ്യാജ വാർത്ത എന്നുള്ളത്. പക്ഷേ, ആ പ്രയോഗത്തിൽ ഉള്ളടങ്ങിയിട്ടുള്ള ചതിയും കപടതയും അധികാര പ്രയോഗവും ഒന്നും തന്നെ വ്യക്തമാകുന്നില്ല അത്. Disinformation എന്നതാണ് ശരിയായ പ്രയോഗം. അത് Misinformation-ൽ നിന്ന് വ്യതിരിക്തമാണ്. Disinformation ബോധപൂർവ്വം അധികാരം ഉപയോഗപ്പെടുത്തി നടത്തുന്ന പ്രവൃത്തിയാണ്. തെറ്റിദ്ധരിപ്പിക്കുന്നതിൽ കൃത്യമായ ലക്ഷ്യങ്ങളുണ്ട്. Misinformation കാറച്ചൂടി പരോക്ഷവും അപ്രവർത്തകവുമായ പണിയാണ്. Disinformation-ന് നൽകാവുന്ന ഏറ്റവും ഉചിതമായ അർത്ഥം വിവര ചതിയെന്നാണ്. ഇതിഹാസത്തിൽ നോക്കിയാൽ "അശ്വത്ഥാമ ഹത കുഞ്ജരാ" എന്നതിന് ഏറെ സമാനമായ ഒന്ന്. ഇന്ന് ഫേക്ക് ന്യൂസ് തന്നെ പുതിയ വിതാനങ്ങളിലേയ്ക്ക് മാറിയിരിക്കുന്നു. വേർതിരിച്ചറിയാൻ പറ്റാത്ത വിധം വിവര ചതിയുടെ പ്രകൃതം രൂപാന്തരപ്പെട്ടിരിക്കുന്നു. പുത്തൻ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന വ്യാജ സന്ദേശങ്ങളെ Deep Fake എന്നാണ് വിളിക്കുന്നത്. Disinformation-നു കൃത്യമായി ഉറവിടമുണ്ടെന്നിരിക്കെതന്നെ അത് ഏതാണെന്ന് വിവരപ്രളയത്തിൽ വ്യക്തമാവുകയില്ല. വ്യാജ സന്ദേശങ്ങൾ ഒരു വ്യാധി പോലെ വളരെ ത്വരിത ഗതിയിൽ പടർന്നിരിക്കും. ദോഷ വാർത്തകൾ പരക്കുന്നത് അതിവേഗതയിലാണ്. മഹാത്മാ ഗാന്ധി "ഹിന്ദ് സ്വരാജിൽ", റെയിൽവേയെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്ന വേളയിൽ സദ്വാർത്തകൾ ഒച്ചിന്റെ വേഗതയിൽ മാത്രമേ പരക്കൂ എന്നും അതേ സമയം ദുഷ്‌വാർത്തകൾ അതിശീഘ്രം ലോകമാകെ പടരുമെന്നും സൂചിപ്പിക്കുന്നുണ്ട്. മറ്റൊരു വാർത്തയും ആ വേഗതയുണ്ടാകണമെന്നില്ല. അതിനുള്ള കാരണങ്ങൾ, ഒരു പക്ഷേ, മനുഷ്യവംശത്തിന്റെ തന്നെ നിലനില്പുമായുള്ള നിഗൂഢവും അബോധവുമായ പ്രേരണകളുടെ കാര്യകാരണങ്ങൾ തേടിയുള്ള ഏറെ സങ്കീർണ്ണത ഉൾക്കൊള്ളുന്ന ഒരു മേഖലയാണ്. നവമാധ്യമത്തിന്റെ സവിശേഷ സ്വഭാവവും കൂടി വൈറൽ പ്രചാരണത്തിന് കാരണമാകുന്നതാണ് ജനാധിപത്യത്തിനു അത്യന്തം അപായകരമാവുകയാണ്. വെർച്ചൽ മാധ്യമത്തെ Spreadable Media എന്നാണ് വിളിക്കുന്നത്. അത് തിരശ്ചീനമായി വിസ്തൃതമാവുകയാണ്. ഒരേ സമയം ഒരാളിൽ നിന്ന് അനേകരിലേയ്ക്ക് എന്ന രീതിയിൽ.

Deep Fake വീഡിയോ നിർമ്മിക്കാൻ അതിവിശിഷ്ടമായ സാങ്കേതിക ജ്ഞാനം ആവശ്യമാണ്. വലിയ മുതൽ മുടക്കും വേണ്ടി വന്നേക്കാം. അതുകൊണ്ട്, പോയന്റർ ഇൻസ്റ്റിട്യൂട്ട് പഠനം വ്യക്തമാക്കുന്നത് പോലെ, ഭരണകൂടങ്ങൾക്കോ വൻകിട സംരംഭങ്ങൾക്കോ മാത്രമാണ് ഇപ്പോൾ അത്തരം വ്യാജ നിർമ്മിതികൾ പടച്ചുവിടാൻ സാധിക്കു. എന്നിരുന്നാലും, അത് അന്താരാഷ്ട്ര തലത്തിൽ രാജ്യങ്ങൾ തമ്മിലുള്ള വിവരയുദ്ധത്തിൽ ഈയൊരു സാങ്കേതിക വിദ്യ നിർണ്ണായകമാകാൻ പോവുകയാണ്. പുതുതായി രൂപംകൊണ്ടിരിക്കുന്ന Disinformation വ്യവസ്ഥ സർവേലൻസ് സാമൂഹിക ക്രമത്തിന് അനുപൂരകമാകം വിധത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സർവേലൻസ് ഏതോ നിഗൂഢമായ ഭരണകൂട പ്രവർത്തി എന്ന നിലവിട്ട നമ്മുടെ ദൈനംദിന ജീവിതത്തെ ബാധിക്കുന്ന ഒരു സർവ്വ സാധാരണ കാര്യമായിരിക്കുന്നു. സർവേലൻസിന് പൊതു സമ്മതിയും ലഭിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, അമേരിക്കയിലേയ്ക്കുള്ള വിസ പ്രോസ്സസിങ്ങിനു അപേക്ഷിക്കുന്ന വ്യക്തി തന്റെ സാമൂഹ്യ മാധ്യമ അക്കൗണ്ടിന്റെ വിവരങ്ങൾകൂടി പരിശോധനയ്ക്കായി കൈമാറണം. നാളെ സർക്കാർ, കോർപറേറ്റ് സ്ഥാപനങ്ങളിലെ ജോലിക്കും ഇത് നിർബന്ധമാക്കിയേക്കാം. സോഷ്യൽ മീഡിയ പ്രൊഫൈലിങ് വഴി വിമത ശബ്ദങ്ങളെ നിയന്ത്രിക്കാനും അനന്തരം അത് ഇല്ലാതാക്കാനുമാണ് ലക്ഷ്യം. നവ മാധ്യമകാലത്തെ മക്കാർത്തിയിസത്തിന്റെ തിരിച്ചുവരവായി പരിണമിച്ചിരിക്കുന്ന പ്രൊഫൈലിങ്.

വ്യാജ വാർത്തകളും സർവേലൻസ് സാങ്കേതിക വിദ്യയും തമ്മിലുള്ള ഉദ്ഗ്രബന്ധത്തെ വളരെ വ്യക്തമായും മനസ്സിലാക്കേണ്ടതാണ്. വ്യാജ വാർത്തകളുടെ നിർമ്മാണ 'മികവ്' എടുത്തുപറയേണ്ടതില്ലല്ലോ. എങ്കിലും മനുഷ്യർ പ്രത്യക്ഷത്തിൽ തന്നെ നുണയെന്ന് അനുമാനിക്കാനാവുന്ന വാർത്തകൾ എങ്ങനെയാണ് സ്വയം വിശ്വസിക്കുന്നതും അത്തരം വാർത്തകളുടെ പ്രചാരണം സ്വയം ഏറ്റെടുക്കുന്നതും ഗൗരവമായി പഠിക്കേണ്ട കാര്യമാണ്. ഭീതി നിറഞ്ഞു നിൽക്കുന്ന അന്തരീക്ഷത്തിലാണ് വ്യാജ വാർത്തകൾ കൂടുതലും പ്രചരിക്കുന്നത് എന്ന് വേണം മനസ്സിലാക്കാൻ. സെലിബ്രിറ്റി എൻഡോഴ്സ്മെന്റ് വിജയ വാർത്തകളെ വാസ്തവമായി ഭവിപ്പിക്കുന്നതിൽ ഒരു പ്രധാന ഘടകമാണ്. ഉറവം പേരുമില്ലാത്ത വാർത്തകൾക്ക് ലെജിറ്റിമസി നൽകാൻ വലിയൊരു അളവ് വരെ സഹായം നൽകുന്നത് സെലിബ്രിറ്റികളാണ്. ഉന്നതർ ഫോളോ ചെയ്യുന്നവരുടെ അക്കൗണ്ടുകളിൽ നിന്ന് വ്യാജ സന്ദേശങ്ങൾ ഉത്ഭവിക്കുന്നുണ്ടെങ്കിൽ അത് ഉത്ഭവമായി ശ്രദ്ധിക്കപ്പെടുന്നത് അതിന്റെ പ്രധാന കാരണം ഫോളോചെയ്യുന്നവർ തന്നെയാണ്. സ്വാതി ചതുർവേദി, 'ഐ ആം എ ട്രോൾ' എന്ന പുസ്തകത്തിൽ ഈക്കാര്യങ്ങൾ വിശദമായി ചർച്ചചെയ്യുന്നുണ്ട്. സംഘടിതമായി തന്നെ വ്യാജ വാർത്തകൾ നിർമ്മിക്കപ്പെടുന്നതും പ്രചരിപ്പിക്കപ്പെടുന്നതും എന്നും സ്വാതി ചതുർവേദി ഈ പുസ്തകത്തിൽ തെളിവ് സഹിതം അവതരിപ്പിക്കുന്നുണ്ട്.

അപരവിദ്വേഷം ലക്ഷ്യംവെച്ചുകൊണ്ടുള്ള ട്രോളുകൾക്ക് പ്രത്യക്ഷമായോ പരോക്ഷമായോ ഭരണകൂട പിന്തുണയുണ്ടെന്നും വേണം അനുമാനിക്കാൻ. അല്ലാത്ത പക്ഷം, തീർച്ചയായും നിയമ നടപടിക്ക് അവ വിധേയമാകുമായിരുന്നു. ഇത്തരം വിദ്വേഷ ഭാഷണങ്ങൾക്ക് ആവശ്യം വേണ്ടുന്ന പ്രചാരം ലഭിച്ചാൽ പിന്നെ അവ പിൻവലിക്കപ്പെടുകയാണ് പതിവ്. എന്നാൽ അതേ സമയം, ഭരണകൂട വിരുദ്ധ എതിർശബ്ദങ്ങളോ വിമത അഭിപ്രായങ്ങളോ ശിക്ഷണത്തിന് നിർബന്ധമായും വിധേയപ്പെടുന്നുണ്ട്. രാജ്യദ്രോഹം, രാജ്യസുരക്ഷ, ക്രിമിനൽ മാനനഷ്ടം ഇടങ്ങിയ ജാമ്യ അപ്രാപ്യമായ കുറ്റങ്ങൾ നിരത്തിയാണ് വിമതാഭിപ്രായങ്ങളെ നിർബന്ധമായും അഴിക്കുള്ളിലാക്കുന്നത്. കാർട്ടൂണുകൾ, ട്രോളുകൾ, വിമത വീക്ഷണങ്ങൾ കൃത്യമായും പോലീസ് നടപടികളിലേക്കാണ് നേരെ കടക്കുക. പല ഘട്ടങ്ങളിലും നിയമ വിരുദ്ധമായ രീതിയിലാണ് ശിക്ഷണ നടപടികൾ എന്നതിനാൽ കോടതി നേരിട്ട് ഇടപെടേണ്ട എത്രയോ അവസരങ്ങൾ ഉണ്ടായിട്ടുണ്ട്. വിമത രാഷ്ട്രീയത്തോടുള്ള വലതുപക്ഷത്തിന്റെ ലോകമെമ്പാടുമുള്ള പൊതുസമീപനം ഇതായിരിക്കെ, ഈയൊരു സ്വഭാവത്തിലുള്ള അസഹിഷ്ണുത പ്രകടനം അവരിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. തങ്ങൾക്ക് സ്വീകാര്യമല്ലാത്ത മാധ്യമപ്രവർത്തകരെയും പൊതുപ്രവർത്തകരെയും ഇതേതുടിൽ ആക്രമിക്കുക എന്നത് വലതുപക്ഷവൽക്കരിക്കപ്പെട്ട രാഷ്ട്രീയബോധത്തിന്റെ പ്രകടനങ്ങളാണ്. 66 എ പോലുള്ള ഭീകര വകുപ്പുകൾ; സുപ്രീം കോടതി റദ്ദുചെയ്തിട്ടും അതേ വകുപ്പ് മുൻനിർത്തി പലരെയും അറസ്റ്റ് ചെയ്യുതിനെ തുടർന്ന് ഉന്നത നീതിപീഠത്തിന് കർശനനിർദ്ദേശങ്ങളാണ് ഈ വിഷയത്തിൽ സംസ്ഥാനങ്ങൾക്ക് നൽകേണ്ടി വന്നത്. ചുരുക്കത്തിൽ, ഹിംസാത്മകമായ സംഘടിത പ്രവർത്തനം നവമാധ്യമത്തെ കേന്ദ്രീകൃതവും വ്യവസ്ഥാനുകൂലവുമായി പരിവർത്തനപ്പെടുത്തുമ്പോൾ മറുവശത്തു വികേന്ദ്രീകൃതവും വ്യക്തിഗതവുമായ വിമതശബ്ദങ്ങൾ നിയമത്തിന്റെ പഴ്‌ഇനപയോഗിച്ച ഭരണകൂടങ്ങൾ റദ്ദാക്കുകയോ അടിച്ചമർത്തുകയോ ചെയ്യുന്നു.

സമീപകാലങ്ങളിൽ, സംഘടിത മാധ്യമങ്ങൾ നേരിട്ട വലിയ വിശ്വാസ തകർച്ച, നവമാധ്യമങ്ങൾക്ക് വാർത്ത സ്രോതസ്സ് എന്ന നിലയിലുള്ള വ്യാപനത്തിന് കാരണമായിട്ടുണ്ട്. വിശ്വാസ തകർച്ചയ്ക്ക് ഹേതുവായ ഒട്ടേറവധി കാരണങ്ങളിൽ പ്രധാനം 'പെയ്ഡ് ന്യൂസ്' എന്ന മാധ്യമ കരകൗശല വിദ്യയാണ്. ഹോർത്ത് എസ്റ്റേറ്റ് സങ്കല്പത്തിന് ആധാരമായിരിക്കുന്ന എഡിറ്റോറിയൽ ഓട്ടോണമി വാണിജ്യതാല്പര്യങ്ങൾക്ക് മുമ്പിൽ അടിയറവെച്ചതു മുതൽക്കേ മാധ്യമങ്ങളുടെ സ്വാച്ഛന്ദ്യം വെല്ലുവിളിയെ നേരിടാൻ ഇടങ്ങി. ഉടമസ്ഥ ഇടപെടലുകളും വിപണി താൽപര്യങ്ങളും അനഭിലഷണീയമായ പ്രവണതകളായി തീരുകയും മാധ്യമ പ്രവർത്തകർക്ക് വ്യക്തിഗതമായുണ്ടായിരുന്ന വിശ്വാസ്യതയ്ക്ക് പോലും ഉലച്ചിൽ തട്ടുന്ന സ്ഥിതിയായി. ഉടമസ്ഥന് കീഴടങ്ങാത്ത മാധ്യമപ്രവർത്തകരുടെ തൊഴിൽ തന്നെ നഷ്ടപ്പെടുന്ന സ്ഥിതിവിശേഷമാണ് സംജാതമായത്. സ്വന്തം നിലപാടുകളുടെ പേരിൽ ഉദ്യോഗിക മാധ്യമ പ്രവർത്തനം നിറുത്തേണ്ടി വന്ന പലരും സമൂഹ മാധ്യമം തങ്ങളുടെ പുതിയ പ്രവർത്തന മേഖലയായി വികസിപ്പിച്ചു. മാധ്യമ പ്രവർത്തകരുടെ സ്വതന്ത്ര സംരംഭങ്ങൾ എന്ന നിലയിൽ നവ മാധ്യമങ്ങളിൽ പുതിയ വാർത്ത വിശകലന സ്രോതസ്സുകൾ ആരംഭിക്കുകയുണ്ടായി. ഒഴിവാക്കപ്പെട്ടതും തമസ്കരിക്കപ്പെടുന്നതുമായ വാർത്തകളും കാഴ്ചപ്പാടുകളും അവതരിപ്പിക്കപ്പെടാനുള്ള വേദിയായി സമൂഹ മാധ്യമങ്ങൾ. സംഘടിത മാധ്യമങ്ങൾക്ക് സമൂഹ മാധ്യമങ്ങൾ അംഗീകൃത വാർത്ത സ്രോതസ്സായി മാറി. ഈ കാലയളവിൽ തന്നെ ആക്ടിവിസത്തിനും അതിനെ അനുകൂലിക്കുന്ന ഒരു ശൃംഖലരൂപീകരണത്തിനും നവമാധ്യമങ്ങൾ വലിയൊരു സാധ്യത ഇന്നിടുകയും ചെയ്തു. ജനകീയ ബദൽ രാഷ്ട്രീയ പ്രവർത്തനത്തിന് നവമാധ്യമങ്ങൾ പുതിയൊരു ഭൂമികയായി. ഇത് ലോകമെമ്പാടും സംഭവിച്ച കാര്യമാണ്. നവമാധ്യമങ്ങൾ രാഷ്ട്രീയ സംഘടനത്തിന് ബദൽ സാധ്യതയൊരുക്കി. ബദൽ സാധ്യതകളുടെ വ്യാപനത്തിന് നവമാധ്യമങ്ങൾ വമ്പിച്ചൊരു സാധ്യതയൊരുക്കി അതിലേക്ക് കടന്നു വന്നത് വലതുപക്ഷക്കാരാണ്. ലിബറലുകളെ നവമാധ്യമ ഇടങ്ങളിൽ നിന്ന് ഉന്മൂലം വിധം വലതുപക്ഷം അഞ്ചെയും ആക്രമോത്സുകതയോടെ ഏതോ ഒരു പ്രാകൃതമായ ആഭിചാരക്രിയ നിർവ്വഹിക്കുന്ന മട്ടിൽ തീവ്രദേശീയ വാദവും വംശാധിപത്യവാദവും അഴിച്ചുവിട്ടു. വലതുപക്ഷം നവമാധ്യമം ഉപയോഗപ്പെടുത്തി നടത്തിയ ആഗോള ശൃംഖലരൂപീകരണം പ്രത്യേകം പഠിക്കേണ്ടതാണ്. കാരണം, ഉയർന്നാൻ സവിശേഷവും നീതിപൂർവ്വവുമായ ആവശ്യങ്ങളോ വിഷയങ്ങളോ ഇല്ലാഞ്ഞിട്ടും കേവലം വിദ്വേഷത്തിന്റെ പേരിൽ ദുഷിതവലയങ്ങൾ നവമാധ്യമത്തിന്റെ ഇറസ്സുകളിൽ സൃഷ്ടിക്കാൻ കഴിഞ്ഞു. ലിബറലുകളും ഇടതുപക്ഷവും തീർത്തും ദുർബലമായ ഒരു ലോകമാണ് നവമാധ്യമത്തിന്റേത്. അതേ സമയം വലതുപക്ഷം നവമാധ്യമ മേഖല കൈയടക്കിയിട്ടുള്ള അങ്ങേതലത്തിലെ സ്വയം സംഘടന രീതികളിലൂടെയാണ് (Molecular form of right wing organising) . അതിൽ അണിചേർന്നിരിക്കുന്ന വ്യക്തികൾ തമ്മിൽ സാമാന്യമായി ഒരു അടുപ്പവും സാധ്യമല്ലു മറിച്ച അവരെ ചിന്താപരമായും വികാരപരമായും ഐക്യത്തോടെ നിർത്തുന്നത് അപരവിദ്വേഷത്തിന്റെ ഏകമാത്ര രാഷ്ട്രീയമാണ്.



അലൻ റാസ്ബ്രിഡ്ജർ

വ്യാജ വാർത്ത നിർമ്മിതിയുടെ പശ്ചാത്തലത്തിൽ സംഘടിത മാധ്യമങ്ങളുടെ വിശ്വാസ തകർച്ചയും പിൻവാങ്ങലും ഗൗരവതരമായി പരിശോധിക്കേണ്ട കാര്യമാണ്. സംഘടിത മാധ്യമങ്ങളുടെ ഒരു സവിശേഷത എന്തെന്നാൽ അതിനുണ്ടായിരുന്ന അക്കൗണ്ടബിലിറ്റിയാണ്. പൂർണ്ണമായൊരു അക്കൗണ്ടബിലിറ്റി എന്ന് പറയാൻ കഴിയില്ലെങ്കിലും ഉടമസ്ഥനും പത്രാധിപർക്കും മറുപടി പറയാൻ ബാധ്യതപ്പെട്ട പല കാര്യങ്ങളുമുണ്ട്. ഗാർഡിയൻ മുൻ എഡിറ്റർ അലൻ റാസ്ബ്രിഡ്ജർ ചൂണ്ടിക്കാട്ടിയത് പോലെ, സംഘടിത മാധ്യമങ്ങളുടെ വിശ്വാസ്യതയെ ചോദ്യംചെയ്തുകൊണ്ടു അതിനുണ്ടായിരുന്ന ലെജിറ്റിമസിയെ തകർക്കുക എന്നത് വലതുപക്ഷവലയിരിക്കുടെ രാഷ്ട്രീയത്തിന്റെ മുന്നേറ്റത്തിന് അത്യന്താപേക്ഷിതമായിരുന്നു. ഒരു വശത്തുകൂടെ, സംഘടിത മാധ്യമങ്ങളുടെയും മാധ്യമപ്രവർത്തകരുടെയും വിശ്വാസ്യത തകർക്കുക മറുവശത്തുകൂടെ, മാധ്യമ സ്ഥാപനങ്ങളുടെ ഉടമസ്ഥത വൻ ഓഹരി നിക്ഷേപത്തിലൂടെ കോർപറേറ്റ് കൈപിടിയിലാക്കുക. ഈ രണ്ടു കാര്യങ്ങളും കഴിഞ്ഞൊരു ദശകത്തിനുള്ളിൽ ഇന്ത്യയിൽ വലതുപക്ഷവൽക്കരണത്തിന്റെ മുന്നോടിയായി നടന്ന കാര്യങ്ങളാണ്. ഇതിനൊന്നും അടിപെടാതെ പൊരുതി നിന്ന മാധ്യമങ്ങളെ സാമ്പത്തികമായി വലച്ചും നിയമക്കുരുക്കുകൾ സൃഷ്ടിച്ചും നിർവീര്യമാക്കാനുള്ള ശ്രമം ഇടരെ ഇടരെ നടന്നുകൊണ്ടിരിക്കുന്നു. വിമതശബ്ദമുയർത്തിയിരുന്ന മാധ്യമപ്രവർത്തകരെയും ആക്ടിവിസ്റ്റുകളെയും നിരന്തരം വേട്ടയാടിയിരുന്നത് സമൂഹ മാധ്യമ ശൃംഖല ഉപയോഗപ്പെടുത്തിക്കൊണ്ടാണ്. ഒരുങ്ങളുടെ ഫാസിസത്തോടൊപ്പം സമൂഹത്തിന്റെ വിവിധ തലങ്ങളിൽ സൂക്ഷ്മതല ഫാസിസത്തിന്റെ പ്രവർത്തനങ്ങളും വ്യാപിക്കുകയുണ്ടായി. മൈക്രോ ഫാസിസ്റ്റുകൾ സമൂഹത്തിൽ ഒരു വ്യക്തിയും ഓരോ പോലീസ് സ്റ്റേറ്റായി രൂപാന്തരപ്പെട്ടു. നിയമ വാഴ്ചയെ അട്ടിമറിച്ച സ്വയം നിയമമാക്കുന്ന ആൾക്കൂട്ടങ്ങൾ രൂപപ്പെട്ടത് ഇങ്ങനെയാണ്. മൈക്രോ ഫാസിസം പ്രവർത്തനക്ഷമമാക്കുന്നത് പല ഭാവങ്ങളിലാണ്. സദാചാര പോലീസിങ്ങ് അതിന്റെ കേവല ദൃഷ്ടാന്തമാണ്. തികച്ചും പ്രാദേശികതയിൽ നിന്ന് ഉത്ഭവം കൊള്ളുന്ന അപരവിദ്വേഷമാണ് മൈക്രോഫാസിസത്തിന്റെ പ്രവർത്തനത്തെ മൂലധനം. അത്തരം പ്രാദേശിക തലത്തിലെ അപര വിദ്വേഷത്തെ തീവ്രദേശീയ വാദത്തിലേക്ക് ബന്ധപ്പെടുത്തുന്നതിൽ സമൂഹ മാധ്യമങ്ങിലെ അടഞ്ഞഗ്രൂപ്പുകൾ വഴിയാണ്. വാട്സ് ആപ്പ് പോലുള്ള അടഞ്ഞ സമൂഹ മാധ്യമങ്ങൾ സൂക്ഷ്മ തലങ്ങളിലേക്ക് വിദ്വേഷ വാർത്തകളെ പടർത്താൻ സഹായകമാകുന്നു.



മാർഗരറ്റ് താച്ചർ

വാസ്തവത്തിൽ, സമൂഹ മാധ്യമം എന്ന പരികല്പന തന്നെ അടിസ്ഥാനരഹിതമായിരിക്കുന്നു. കാരണം, സമൂഹം എന്ന നിലയിലുള്ള സംഘാടനമോ അതിലേക്ക് ചേർന്നു വരുന്ന വൈവിധ്യമോ അതിന്റെ ഭാഗമായി വരുന്ന സാമൂഹിക വിനിമയങ്ങളോ അപ്രത്യക്ഷമായിരിക്കുന്നു. ബ്രിട്ടനിൽ നവലിബറൽ സാമ്പത്തിക പദ്ധതികൾ നടപ്പിലാക്കുന്ന വേളയിൽ അന്നത്തെ ബ്രിട്ടീഷ് പ്രധാന മന്ത്രി മാർഗരറ്റ് താച്ചർ പറഞ്ഞത്: സമൂഹം എന്നൊന്നില്ല എന്നും വ്യക്തികൾ മാത്രമേ ഉള്ളൂ എന്നുമാണ്. നവമാധ്യമങ്ങളുടെ സമകാലികതയിൽ നവലിബറൽ പ്രയോഗങ്ങൾ കാണിച്ച തന്നുന്നത് വ്യക്തിയും മരണപ്പെട്ടിരിക്കുന്ന പകരം ആൾക്കൂട്ടം തത്സ്ഥാനമേറ്റെടുത്തിരിക്കുന്ന എന്നാണ്. സമൂഹം എന്നത് ഒരു ജൈവ രൂപമാണ്. അതിന്റെ ജൈവികതയിൽ ഉണ്ട അധികാരഘടനകളെ പ്രതിരോധം സാധ്യമാകുന്നു. പക്ഷേ, ജഡമായ ആൾക്കൂട്ടം അത്തരം ജൈവികതക്ക് പകരം അക്രമാസക്തതയെ ആഘോഷമാക്കുന്നു.

വാട്സ് ആപ്പ് ഗ്രൂപ്പുകൾ പലവയും സാമൂഹ്യതയിൽ നിന്നു പിമ്പാറി ഒരാൾക്കൂട്ട സ്വഭാവമാണ് പ്രകടിപ്പിക്കുന്നത്. ആൾക്കൂട്ട സ്വഭാവം എന്നതുകൊണ്ടു ഉദ്ദേശിക്കുന്നത് വ്യതിരിക്തതകളോടുള്ള അസഹിഷ്ണുതയും, അതിന്റെ നിഷേധവും, ഏകപക്ഷീയമായ പെരുമാറ്റം, ഹിംസാത്മകത, വിമർശനരാഹിത്യം എന്നിവയോടൊപ്പം നിഗൂഹോത്സുകതയും, വ്യക്തികളെ ഒറ്റതിരിഞ്ഞു ആക്രമിക്കുന്ന പ്രവണതയും. കുടുംബ ഗ്രൂപ്പുകൾ, സ്കൂൾ-കോളേജ് സൗഹൃദ ഗ്രൂപ്പുകൾ തുടങ്ങി പ്രഫഷണലുകളുടെ ഗ്രൂപ്പുകൾ വരെ ഈ രീതിയിൽ വലതുപക്ഷവൽക്കരിക്കപ്പെട്ടിരിക്കയാണ്. വ്യത്യസ്തമായി ആരെങ്കിലും അഭിപ്രായം പറഞ്ഞാൽ അവരെ വേർതിരിച്ച കൈകാര്യം ചെയ്യുകയോ പുറത്താക്കുകയോ ചെയ്യുകയാണ് രീതി. മിക്കവാറും അതിനുമുമ്പ് തന്നെ സ്വയം പുറത്തേയ്ക്ക് പോയിരിക്കും. ഒരു സ്വാച്ഛന്ദ്യ സ്വഭാവം നിലനിർത്താനായി ചില വാട്സ് ആപ്പ് ഗ്രൂപ്പുകൾ ശ്രമിക്കുന്നത് കാണാം. അലോസരമുണ്ടാക്കുന്ന ഒരാളെയും ഗ്രൂപ്പിലേക്ക് അടുപ്പിക്കാതെ സ്വയമൊരു അടഞ്ഞവ്യവസ്ഥയായി നിൽക്കുന്ന ഗ്രൂപ്പുകളും കെട്ടികിടക്കുന്ന രാഷ്ട്രീയത്തിന്റെ ചതുപ്പ് നിലങ്ങളാണ്.

എതിർശബ്ദങ്ങളും വിമത നിലപാടുകളും അസ്വീകാര്യമാകുന്നു എന്ന് മാത്രമല്ല ഈ പല ഗ്രൂപ്പുകളും നുണ നിർമ്മാണ പ്രചാരണ കേന്ദ്രങ്ങളായി മാറുകയാണ്. വാട്സ് ആപ്പ് ഗ്രൂപ്പുകൾ മൈക്രോ ടാർഗറ്റ് ചെയ്യാൻ പറ്റുന്ന ഏറ്റവും പാകമായ ഇടങ്ങളാണ്. വീട്ടുവീടാന്തരം രാഷ്ട്രീയ കാമ്പയിൻ നടത്തുന്നതിനേക്കാൾ ഏറെ ഫലപ്രദമാണ് വാട്സ് ആപ്പ് ഗ്രൂപ്പുകളെ ലക്ഷ്യം വെക്കുന്നതെന്ന തിരഞ്ഞെടുപ്പ് തന്ത്രങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയുന്നതാണ്. ഗ്രൂപ്പുകളിലേയ്ക്ക് പ്രചരിപ്പിക്കപ്പെടുന്ന സന്ദേശങ്ങളിലെ നെല്ലും പതിരും വേർതിരിച്ചറിയാൻ മനസ്സിലാക്കാൻ പറ്റാത്ത വിധം സന്ദേശങ്ങൾ അതിവേഗതയോടെ ഒഴുകിയെത്തിക്കൊണ്ടിരിക്കും. ഇതിനുപുറമേ, സോഷ്യൽ മീഡിയയിലും വാട്സ് ആപ്പ് ഗ്രൂപ്പുകളിലും "സ്റ്റാർ" നിലവാരത്തിലുള്ള വ്യക്തികളുണ്ട്. അവരുടെ അഭിപ്രായ പ്രകടന രീതികൊണ്ടും, അവരുടെ (മിക്കവാറും വ്യാജം!) ബിരുദങ്ങൾ തൊഴിൽ സ്ഥാനങ്ങൾ എന്നിവകൊണ്ടു സാധാരണക്കാർക്കിടയിൽ ഒട്ടനവധി വ്യക്തികൾ (ചിലപ്പോൾ സൈബോർഗുകൾ!!) സോഷ്യൽ മീഡിയയിൽ താരമൂല്യമുള്ള സെലിബ്രിറ്റികളായി തീർന്നിട്ടുണ്ട്. പച്ചക്കറികൾ പാകംചെയ്യുന്നതിനു മുമ്പ് സോപ്പ് വെള്ളത്തിലിട്ട് കഴുകണമെന്നുള്ള ഒരു വ്യക്തിയുടെ സന്ദേശം ഒരു ശാസ്ത്ര സത്യമെന്ന നിലയിലാണ് സോഷ്യൽ മീഡിയ ഗ്രൂപ്പിൽ പ്രചരിപ്പിക്കപ്പെടുന്നത്. ഈയൊരു കാര്യത്തിൽ ഇതാണ് അവസ്ഥയെങ്കിൽ രാഷ്ട്രീയ സാമൂഹ്യ വിഷയങ്ങളുടെ കാര്യത്തിലെ അവസ്ഥ വിശദീകരിക്കേണ്ടതില്ലല്ലോ. ഇതെല്ലാം വ്യക്തികളെ Cognitive Disability-യിൽ കൊണ്ടുചെന്നെത്തിക്കും. അതായത് പ്രജ്ഞാപരമായ വികലത ബാധിച്ച വ്യക്തികൾ വളരെ പൊടുന്നനെ ആൾക്കൂട്ടത്തിന്റെ ഭാഗമായി തീരും. അങ്ങനെ ജനാധിപത്യത്തിൽ പ്രാഥമികമായി വേണ്ടത് വിവരങ്ങളെ വ്യവഛേദിച്ച തരംതിരിക്കാനും മനസ്സിലാക്കാനുമുള്ള കഴിവാണ്. ഇതാണ് സമൂഹ മാധ്യമങ്ങളിലെ ആൾക്കൂട്ട സംസ്കാരം ഇല്ലാതെയാക്കുന്നത്. ഇത് വഴി ബോധമണ്ഡലത്തെ സമഗ്രമായ രീതിയിൽ തന്നെ മാനിപുലേറ്റ് ചെയ്യാൻ സാധിക്കുന്നു. അതിന്റെ ആദ്യത്തെ അത്യാഹിതം അഭിമുഖീകരിക്കുന്നത് രാഷ്ട്രീയമാണ്. (Political is the first casualty).



ഹന്നാ ആരെന്റ്

കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭത്തിലെ സമഗ്രാധികാര വ്യവസ്ഥകൾ സമൂഹത്തെയും വ്യക്തികളെയും കീഴ്പ്പെടുത്തി നിർത്താനുള്ള പദ്ധതിയുടെ ഭാഗമായി ആസൂത്രിതമായി തന്നെ നുണ പ്രചാരണങ്ങളും സർവേലൻസിനും തുടക്കമിട്ടിരുന്നു. പക്ഷേ, ഇന്നത്തേതിൽ നിന്ന് അതിനുള്ള പ്രധാന വ്യത്യാസം ഭരണകൂട പദ്ധതികൾക്ക് സാമൂഹ്യ അനുമതിയുണ്ടായിരുന്നില്ല എന്ന് മാത്രമല്ല അത് വലിയ തോതിൽ അന്ന് തന്നെ വിമർശിക്കപ്പെട്ടിരുന്നു. ഓർവെല്ലിന്റെ 1984 ഒരു ഉദാഹരണം. സമൂഹ ശരീരത്തിലേക്ക് സാമൂഹ്യ അനുമതിയോടെ തന്നെ നവ സാങ്കേതിക ചിപ്പുകൾ നിവേശിപ്പിക്കാൻ സാധിച്ചുവെന്നിടത്താണ് പുതിയ സമഗ്രാധികാര വിജയം കൈവരിക്കുന്നത്. ഹന്നാ ആരെന്റിനെ പോലുള്ള രാഷ്ട്രീയ ദാർശനിക ഇരുപതാം നൂറ്റാണ്ടിലെ സമഗ്രാധികാര പ്രവണതകളെ വിശകലനം ചെയ്തു കൊണ്ട് ഭാവിയുടെ പ്രകൃതമെന്തായിരിക്കുമെന്നതിനെക്കുറിച്ച് പകർന്ന ഉൾക്കാഴ്ചകൾ ഇന്നും കൂടുതൽ പ്രസക്തമാകുന്ന ഈ വാസ്തവാനന്തര ഘട്ടത്തിൽ:

"സത്യത്തിനു പകരം നുണ അവിടെ പ്രതിഷ്ഠിക്കപ്പെടുന്നതിന്റെ പരിണിതി എന്താണെന്ന വെച്ചാൽ, നുണ സത്യമായി അംഗീകരിക്കപ്പെടും എന്നതല്ല അല്ലെങ്കിൽ സത്യം നുണയായ് അപകീർത്തിപ്പെടും എന്നുമല്ല. യഥാർത്ഥത്തിൽ പ്രശ്നം അനുഭവൈക ലോകത്തിൽ ഗണനീയമായി സത്യത്തെ നുണയിൽ നിന്ന് വേർതിരിച്ചറിയാനുള്ള മനുഷ്യരുടെ കഴിവുണ്ടല്ലോ, അതൊരു സവിശേഷമായ മാനഷിക ശേഷിയാണ്. അതാണ് ഇല്ലാതാക്കപ്പെടുന്നത്."

ഇതാണ് വാസ്തവാനന്തരതയിലെ വിവര വ്യവസ്ഥ.

("The result of a consistent and total substitution of lies to factual truth is not that the lie will now be accepted as truth and truth be defamed as lie, but that the sense by which we take our real bearings in the real world—and the category of truth versus falsehood is among the mental means to this end being destroyed." Hannah Arendt, Origins of Totalitarianism.)

(കടപ്പാട്: വി. കെ. സുരേഷ്/ ചന്ദ്രിക.)

□

ദാമോദർ പ്രസാദ്

വിദ്യാഭ്യാസ-മാധ്യമ മേഖലയിൽ പ്രവർത്തിക്കുന്നു. ഇംഗ്ലീഷ് മലയാളം ഭാഷകളിൽ എഴുതാറുണ്ട്. പതിവായല്ല, വല്ലപ്പോഴും.

RIVER VALLEY
DIGITAL LIBRARY
empowering the author ...

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്യു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014